# ശുദ്ധിമതിമാരായ ബർബാറയും യൂലിയാനയും

## Sts. Barbara and Juliyana (303 AD)

**നി**ക്കോമേദ്യായിലെ കുലീനവും പ്രശസ്തവുമായ ഒരു ജാതിയ പ്രഭുവായിരുന്നു ദിയസ്കോറസ്. അദ്ദേഹത്തിന്റെ സൗന്ദര്യവതിയും, ബുദ്ധിമതിയുമായ പുത്രിയായിരുന്നു ബർബാറ. അവളെ പോലെ സൗന്ദര്യവതിയായ സ്ത്രീകൾ അവിടെങ്ങും ഇല്ലാത്തതിനാൽ ധാരാളം ആളുകൾ അവളെ കാണാൻ ആഗ്രഹിച്ചു. തന്റെ പുത്രിയുടെ സൗന്ദര്യം അവൾക്ക് അപകടം സമ്മാനിക്കുമെന്ന് ഭയന്ന ദിയസ്കോറസ് തന്റെ ഭവനത്തിന് സമീപം വലിയൊരു മാളിക കെട്ടി അതിന്റെ ഏറ്റവും മുകളിലത്തെ നിലയിൽ അവളെ പാർപ്പിച്ചു. തന്റെ പുത്രിയുടെ കാവലിനായി പ്രത്യേകം പരിചാരകരേയും ചട്ടം കെട്ടി.

ഒരിക്കൽ സൗന്ദര്യവതിയായ ബർബാറ യേശുക്രിസ്തുവിനെക്കുറിച്ച് കേൾക്കുവാൻ ഇടയായി. ബുദ്ധിമതിയായ ആ കന്യക കർത്താവിൽ വിശ്വസിക്കുകയും മരണം വരെ തന്റെ കന്യാത്വത്തിന് ഭംഗം വരാതെ കർത്താവിൽ ആശ്രയിച്ച് ജീവിക്കുമെന്ന് ദൃഢ നിശ്ചയം ചെയ്യുകയും, അതിനായിയത്നിക്കുയും ചെയ്തു.

തന്റെ പുത്രിക്ക് വിവാഹപ്രായം ആയതോടെ ധാരാളം വിവാഹാലോചനകൾ ദിയസ്കോറോസ് പ്രഭുവിന് ലഭിച്ചു. ഏറ്റവും യോഗ്യനായ ഒരാളെ തന്നെ അവൾക്ക് വരനായി അദ്ദേഹം തിരഞ്ഞെടുക്കുകയും ചെയ്തു. തനിക്ക് വിവാഹം നിശ്ചയിച്ചു എന്ന വാർത്ത വളരെ ദുഃഖത്തോടെയാണ് ബർബാറ ശ്രവിച്ചത്. അവൾ പിതാവിന്റെ സമീപം ഓടിയെത്തുകയും താൻ ക്രിസ്ത്യാനിയാണെന്നും, നിത്യകന്യകയായി യേശുവിനുവേണ്ടി ജീവിക്കാൻ പ്രതിജ്ഞയെടുത്തവളാണെന്നും പിതാവിനെ അറിയിച്ചു.

സാമ്രാജ്യത്തിന് വിപത്തായി മാറിയ ക്രിസ്തുമതം തന്റെ മകളുടെ ജീവിതത്തെ സ്വാധീനിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കിയ പ്രഭു അത്യന്തം ക്ഷുഭിതനായി അയാൾ തന്റെ പുത്രിയെ മർദ്ദിക്കുകയും ക്രിസ്തീയ വിശ്വാസം പരിത്യജിക്കുവാൻ നിർബന്ധിക്കുകയും ചെയ്തു. മകൾ ക്രിസ്തുവിനെ ഉപേക്ഷിക്കുവാൻ സന്നദ്ധയല്ല എന്ന് തിരിച്ചറിഞ്ഞ ദിയസ്കോറസ് അവളെ വധിക്കുവാൻ തീരുമാനമെടുത്തു. ഇതറിഞ്ഞ ബർബാറ പിതാവിന്റെ കൊട്ടാരം വിട്ട് പർവ്വത പ്രദേശത്തേക്ക് ഓടിപ്പോയി.

പർവ്വതത്തിൽ ജീവിക്കുന്ന ഒരു ആട്ടിടയന്റെ സഹായത്തോടെ ദിയസ്കോറോസ് അവളെ ബന്ധനസ്ഥയാക്കി. പിന്നീട് ന്യായാധിപനായ മർക്കിയാനോസിന്റെ മുൻപാകെകൊണ്ടുവരുകയും അയാൾ അവളെ വിസ്തരിക്കുകയും ചെയ്തു. ഭീക്ഷണിപ്പെടുത്തി വിജയം കൈവരിക്കാൻ ശ്രമിച്ചപ്പോൾ മർക്കിയാനോസ് പരാജയപ്പെട്ടു. തുടർന്ന് പീഢനത്തിലൂടെ അവളുടെ മനസ്സുമാറ്റാൻ അയാൾ ശ്രമിച്ചു.

ഇരുമ്പ് ചീപ്പുകൾ കൊണ്ട് അവളുടെ കാലുകളിൽ ചീകി മാംസം വേർപ്പെടുത്തി. പിന്നീട് അവളുടെ കാലുകളിൽ അഗ്നി വച്ച് വേവിച്ചു. ഈ പീഢനങ്ങൾക്കൊന്നും അവളുടെ മനസ്സുമാറ്റാൻ കഴിഞ്ഞില്ല. ക്രൂദ്ധനായ ന്യായാധിപൻ ഇരുമ്പു വടികൾകൊണ്ട് അവളുടെ ശിരസ്സിൽ അടിക്കുകയും ചെവികൾ അറുത്തുമാറ്റുകയും ചെയ്തു. അവിടെയും ന്യായധിപൻ പരാജയമറിഞ്ഞു. പിന്നീട് ഏറ്റവും ലജ്ജാകരമായ നിന്ദ അവളുടെ മേൽ പ്രയോഗിച്ചു കന്യകയായ ശുദ്ധിമതിയെ വിവസ്ത്രയാക്കി റോമൻ തെരുവീഥികളിലൂടെ വലിച്ചിഴച്ചു. പക്ഷേ അവരുടെ ആഗ്രഹം സാധിച്ചില്ല. കർത്താവ് തന്റെ ദിവ്യ പ്രഭകൊണ്ട് അവളുടെ നഗ്നത മറച്ചു.

ദൈവീക ഇടപെടലുകൾ ബർബാറയെ സംരക്ഷിക്കുന്നു എന്നു കണ്ട അവളുടെ സഖി യൂലിയാന (Juliyana) ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഇതോടെ ന്യായാധിപന്റെ ക്രോധം ആളികത്തി. അയാൾ യൂലിയാനയെ ശിരച്ഛേദം ചെയ്തു. ദിയസ്കോറസ് ആകട്ടെ സ്വപുത്രിയെ കൊന്നുകളയാൻ ആജ്ഞാപിച്ചു. പട്ടാളക്കാരൻ ശുദ്ധിമതിയെ കഴുത്തറുത്ത് കൊന്നു. നിത്യ കന്യകയായി തന്നെ ബർബാറ രക്തസാക്ഷിത്വ മകുടം ചൂടി.

മകളെ കൊലപ്പെടുത്തി തിരിച്ചു വരുംവഴി ദൈവം ദിയസ്കോറോസിനെ പിടിച്ചു. കർത്താവ് അഗ്നി പിണരുകളാൽ അവനെ പിടി കൂടി. ശക്തമായ മിന്നലേറ്റ് ദീയസ്കോറസ് മരിച്ചു വീണു. തന്റെ ദാസരുടെ സഹനങ്ങൾക്ക് പ്രതികാരം ചെയ്യുന്ന കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ! മിന്നലിൽ നിന്നും രക്ഷനേടുവാൻ വി.ബർബാറായുടെ മദ്ധ്യസ്ഥ അഭ്യർത്ഥിക്കുന്ന പതിവ് കിഴക്കൻ പ്രദേശത്ത് ധാരാളമായുണ്ട്.

***Compiled by: Fr.. Greger R. Kollanoor, Palakkal.***
***E-mail:gregerpalakkal@yahoo.co.in***